"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി – 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ശ്രീ.എ.കെ.സുന്ദരൻ, അയ്യപ്പൻകാട്ടിൽ, കുമാരനെല്ലൂർ, കപ്പൂർ.പി.ഒ, പാലക്കാട് സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.263/2024/ID തീയതി,തിരുവനന്തപുരം, 27-03-2024

---

പരാമർശം:-

1. പാലക്കാട് ജില്ലാ ജിയോളജിസ്റ്റിന്റെ 08.07.2020 ലെ ഡിഇപി/3009/2019/എ1 നമ്പർ ഡിമാന്റ് നോട്ടീസ്.
2. ശ്രീ.എ.കെ.സുന്ദരൻ, അയ്യപ്പൻകാട്ടിൽ, കുമാരനെല്ലൂർ, കപ്പൂർ.പി.ഒ, പാലക്കാട് 04.09.2020 തീയതിയിൽ സമർപ്പിച്ച അപ്പീൽ പെറ്റീഷൻ.
3. മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ 26.02.2021 തീയതിയിലെ 8520/എം-1/2020 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ല, പട്ടാമ്പി താലൂക്ക് കപ്പൂർ വില്ലേജിൽ റീ സർവ്വേ നം.364/4 ൽപ്പെട്ടതും, ശ്രീ .എ.കെ.സുന്ദരൻ, അയ്യപ്പൻകാട്ടിൽ, കുമാരനെല്ലൂർ, കപ്പൂർ.പി.ഒ, പാലക്കാട് എന്ന വ്യക്തിയുടെ കൈവശത്തിലുള്ളതുമായ സ്ഥലത്തു നിന്നും 238 ക്യൂബിക് മീറ്റർ സാധാരണ മണ്ണ് അനധികൃതമായി ഖനനം ചെയ്തതായി സ്ഥലപരിശോധനയിൽ കണ്ടെത്തിയതിനാൽ ആയതിന്റെ റോയൽറ്റി, വില, ഇനത്തിൽ ആകെ 28,560/- രൂപ സർക്കാരിൽ ഒടുക്കണമെന്നാവശ്യപ്പെട്ട് പാലക്കാട് ജില്ലാ ജിയോളജിസ്റ്റ് 08/07/2020 ന് പുറപ്പെടുവിച്ച പരാമർശം (1) ഡിമാന്റ് നോട്ടീസിനെതിരെ ശ്രീ.സുന്ദരൻ പരാമർശം (2) പ്രകാരമുള്ള അപ്പീൽ ഹർജി സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. അപ്പീൽ ഹർജി സംബന്ധിച്ച് മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

പാലക്കാട് ജില്ല, പട്ടാമ്പി താലൂക്ക്, കപ്പൂർ വില്ലേജിൽ റീ.സർവ്വേ നം. 364/4 എന്ന സർവ്വേ നമ്പറിൽ സ്ഥിതി ചെയ്യുന്ന ശ്രീ. ശിവരാജന്റെ വീടിന്റെ ഭൂമിയുടെ അതിർത്തിയിൽ അയൽവാസിയായ അയ്യപ്പൻകാട്ടിൽ സുന്ദരൻ എന്ന വ്യക്തി അനധികൃതമായി മണ്ണ് നീക്കം ചെയ്തതിനാൽ വീടിന്റെ നിലനിൽപ്പിനെ ദോഷകരമായി ബാധിക്കുന്നതായും, മണ്ണ് നീക്കി അപകടാവസ്ഥ സൃഷ്ടിച്ച സ്ഥലത്ത് ഭിത്തി നിർമ്മിച്ച് നൽകുവാൻ അയ്യപ്പൻകാട്ടിൽ സുന്ദരൻ എന്ന വ്യക്തിക്ക് നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ശിവരാജൻ, ഒട്ടരുകുഴിയിൽ, കപ്പൂർ. പി.ഒ എന്നവർ 31/10/2018 തിയതിയിൽ പാലക്കാട് ജില്ലാ ജിയോളജി ഓഫീസിൽ പരാതി സമർപ്പിച്ചിരുന്നു. ടി പരാതിയോടൊപ്പം മേപ്പടി സ്ഥലത്ത് മണ്ണ് നീക്കം ചെയ്തത് സംബന്ധിച്ച്

വില്ലേജ് ഓഫീസർ, കപ്പൂർ, തഹസിൽദാർ, പട്ടാമ്പിക്ക് 18/09/2018 തിയ്യതിയിൽ 52/18 നമ്പർ പ്രകാരം സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പും ഹാജരാക്കിയിരുന്നു.

പരാതിക്കാസ്പദമായ സ്ഥലത്ത് 27/09/2019 തിയ്യതിയിൽ ജില്ലാ ഓഫീസിൽ നിന്നും നടത്തിയ പരിശോധനയിൽ ശ്രീ. ശിവരാജൻ എന്നവരുടെ വീടിന്റെ പടിഞ്ഞാറ് ഭാഗത്തായി സ്ഥിതി ചെയ്യുന്നതും ടിയാന്റെ അതിർത്തിയോട് ചേർന്ന് സ്ഥിതി ചെയ്യുന്നതുമായ സ്ഥലത്ത് നിന്നും ശ്രീ. സുന്ദരൻ എന്നവരുടെ കൈവശസ്ഥലത്ത് ഏകദേശം 17 മീറ്റർ നീളം, 7 മീറ്റർ വീതി ശരാശരി 2 മീറ്റർ ആഴം എന്ന അളവിൽ 238 ക്യൂബിക് മീറ്റർ സാധാരണ മണ്ണ് അനധികൃതമായി നീക്കം ചെയ്തിട്ടുള്ളതായി കാണപ്പെട്ടു. കൂടാതെ മണ്ണ് നീക്കം ചെയ്ത പ്രവർത്തി മൂലം പരാതിക്കാരനായ ശ്രീ. ശിവരാജന്റെ സ്ഥലത്തിന്റെ അതിർത്തിയിൽ മണ്ണിടിച്ചിൽ സംഭവിച്ചിട്ടുള്ളതായും കാണപ്പെട്ടു. അനധികൃത ഖനനത്തിനെതിരെ നിയമ നടപടികൾ സ്വീകരിക്കാതിരിക്കുവാൻ കാരണം വല്ലതുമുണ്ടെങ്കിൽ ആയത് ബോധിപ്പിക്കുവാൻ ആവശ്യപ്പെട്ട് സ്ഥലം ഉടമയായ ശ്രീ. എ.കെ. സുന്ദരൻ, അയ്യപ്പൻകാട്ടിൽ, കുമരനെല്ലൂർ (വഴി), കപ്പൂർ. പി.ഒ യ്ക്ക് 28/09/2019 തിയ്യതിയിൽ ഡി.ഒ.പി/3009/2019/എ1 നമ്പർ പ്രകാരം നോട്ടീസ് നൽകുകയുണ്ടായി. ടി നോട്ടീസിന് ശ്രീ. സുന്ദരൻ യാതൊരുവിധ മറുപടിയും നൽകാത്തതാണ്. തുടർ നടപടി സ്വീകരിക്കുന്നതിനായി ശ്രീ. എ. കെ. സുന്ദരന്റെ വാദം നേരിട്ട് കേൾക്കുന്നതിനായി 18/12/2019 തിയ്യതിയിൽ
ഹിയറിംഗിനായി ഹാജരാകുവാൻ ആവശ്യപ്പെട്ട് 01/12/2019 തിയ്യതിയിൽ ജില്ലാ ഓഫീസിൽ നിന്ന് നോട്ടീസ് നൽകുകയും, ടി ദിവസം ഹാജരാകുവാൻ കഴിയാത്തതിനാൽ മറ്റൊരു ദിവസത്തേക്ക് ഹിയറിംഗിനുള്ള തീയ്യതി അറിയിക്കണമെന്ന് ശ്രീ.എ.കെ.സുന്ദരന്റെ അപേക്ഷയെ തുടർന്ന് 09/01/2020 തീയ്യതിയിൽ ഹിയറിംഗിന് ഹാജരാകുവാൻ ശ്രീ. സുന്ദരത്തിന് വീണ്ടും നോട്ടീസ് നൽകുകയുണ്ടായി. 09/01/2020 ന് പകരം 10/01/2020 തിയ്യതിയിൽ ശ്രീ. സുന്ദരൻ ഹിയറിംഗിന് ഹാജരാകുകയും ചെയ്തു. ഹിയറിംങിൽ ശ്രീ. സുന്ദരന്റെ കൈവശത്തിലുള്ള കപ്പൂർ വില്ലേജിൽ സർവ്വേ നം. 364/4-ൽ പ്പെട്ട 10 സെന്റ് സ്ഥലത്ത് അഞ്ച് വർഷത്തിന് മുൻപാണ് മണ്ണ് നീക്കിയിട്ടുള്ളതെന്നും കൂടാതെ മറുവശത്തുള്ള ശ്രീ. സുകുമാരന്റെ സ്ഥലത്താണ് നിക്ഷേപിച്ചിട്ടുള്ളതും, ആയതിനാൽ തുടർ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും അപേക്ഷിച്ചിരുന്നു. അപ്പീൽ അപേക്ഷയിൽ ഖണ്ഡിക നാലിൽ ഹിയറിംങ് സമയത്ത് തയ്യാറാക്കിയ സ്റ്റേറ്റ്മെന്റിൽ ഉദ്യോഗസ്ഥരുടെ നിർബന്ധത്തിന് വഴങ്ങി ഞാൻ ഒപ്പിട്ട് നൽകുകയാണെന്നും, ആയതിൽ എന്താണ് എഴുതിയിരിക്കുന്നത് എന്ന് വായിച്ച് നോക്കിയിട്ടില്ലാത്തതാണെന്നുമുള്ള പരാമർശം ശരിയല്ലാത്തതാണ്. ഹിയറിംഗ് ജിയോളജിസ്റ്റ്, പാലക്കാട് നേരിട്ട് നടത്തുകയും, തയ്യാറാക്കിയ സ്റ്റേറ്റ്മെന്റ് ശ്രീ. സുന്ദരനെ വായിച്ച് കേൾപ്പിച്ച ശേഷം മാത്രമാണ് ശ്രീ. സുന്ദരൻ സ്റ്റേറ്റ്മെന്റിൽ ഒപ്പിട്ട് തന്നത്.

അനധികൃത ഖനനം നടത്തിയ കുറ്റം ഹിയറിംഗിൽ ശ്രീ. സുന്ദരൻ സമ്മതിച്ചിട്ടുള്ളതുമാണ്. തുടർ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ശ്രീ. സുന്ദരന്റെ കൈവശ സ്ഥലത്ത് നിന്ന് അനധികൃതമായി നീക്കം ചെയ്ത 238 ക്യൂബിക് മീറ്റർ സാധാരണ മണ്ണിന്റെ റോയൽറ്റി ക്യൂബിക് മീറ്ററിന് 40/- രൂപ നിരക്കിൽ 9,520/- രൂപയും വിലയിനത്തിൽ റോയൽറ്റിയുടെ രണ്ടിരട്ടി 19,040/- രൂപയും ഉൾപ്പെടെ 28,560/- രൂപ സർക്കാരിലേക്ക് അടക്കുന്നതിനായി 08/07/2020 തിയ്യതിയിൽ ഡി.ഒ.പി/3009/2019/എ1 നമ്പർ പ്രകാരം ശ്രീ. സുന്ദരന് ജില്ലാ ജിയോളജി ഓഫീസിൽ നിന്നും ഡിമാന്റ് നോട്ടീസ് നൽകുകയും ചെയ്തു.

മേപ്പടി സ്ഥലത്ത് അനധികൃതമായി സാധാരണ മണ്ണ് ഖനനം നടത്തിയത് സംബന്ധിച്ച് സെക്രട്ടറി, കപ്പൂർ ഗ്രാമപഞ്ചായത്ത് 27/11/2019 തീയ്യതിയിൽ നം. C1-4565/19 നമ്പർ പ്രകാരം ബഹു: ജില്ലാ കളക്ടർ & ചെയർ പേഴ്സൺ, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, പാലക്കാടിന് റിപ്പോർട്ട് നൽകിയിട്ടുണ്ട്. കൂടാതെ വില്ലേജ് ഓഫീസർ, കപ്പൂരിന്റെ റിപ്പോർട്ടിൽ മേപ്പടി സ്ഥലത്ത് ഖനന പ്രവർത്തനം നടത്തിയതായി പരാമർശിച്ചിട്ടുള്ളതിനാലും, ജില്ലാ ജിയോളജി ഓഫീസിന്റെ പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുള്ളതിനാലും ശ്രീ. സുന്ദരന്റെ കൈവശത്തിലുള്ള സ്ഥലത്ത് അനധികൃതമായി സാധാരണ മണ്ണ് ഖനനം ചെയ്തിട്ടില്ല എന്ന് അപ്പീൽ അപേക്ഷയിൽ പരാമർശിച്ചിരിക്കുന്നത് ശരിയല്ലാത്തതാണ്.

3. അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് അപ്പീൽ അധികാരിയായ വ്യവസായ വകുപ്പ് ജോയിന്റ് സെക്രട്ടറി 15.03.2024 ന് നടത്തിയ ഹിയറിംഗിൽ അപ്പീൽ കക്ഷി ഹാജരാകുകയുണ്ടായില്ല. പ്രസ്തുത ഹിയറിംഗിൽ പാലക്കാട് ജിയോളജിസ്റ്റും, മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറേറ്റിലെ ജിയോളജിസ്റ്റും പങ്കെടുക്കുകയുണ്ടായി.

4. എന്നാൽ തനിക്ക് ഹിയറിംഗ് നോട്ടീസ് 10.03.2024 ന് തനിക്ക് ലഭ്യമായെന്നും, വാർദ്ധക്യ സഹജമായ അസുഖം നിമിത്തം ദീർഘ ദൂരം യാത്ര ചെയ്യാൻ കഴിയാത്ത സാഹചര്യമാണെന്നും, ആയതിനാൽ തനിക്ക് നേരിട്ട് തന്റെ വാദങ്ങൾ സമർപ്പിക്കാൻ സമയം അനുവദിക്കണമെന്നും ആവശ്യപ്പെട്ട് 11.03.2024 തീയതിയായി ഹർജിക്കാരൻ ഒരു അപേക്ഷ സമർപ്പിക്കുകയുണ്ടായി. ആയത് 16.03.2024 നാണ് സർക്കാരിൽ ലഭ്യമായത്.

5. അപ്പീൽ അധികാരി ഈ വിഷയം വിശദമായി പരിശോധിച്ചു. അനധികൃത മണ്ണ് ഖനനത്തിന് കാരണം കാണിക്കൽ നോട്ടീസ് നൽകി ഹർജിക്കാരനെ നേരിൽ കേട്ട ശേഷമാണ് ജിയോളജിസ്റ്റ് ഡിമാന്റ് നോട്ടീസ് നൽകിയിരിക്കുന്നത്. ഹിയറിംഗ് വേളയിൽ അനധികൃത ഖനനം നടത്തിയതായി ഹർജിക്കാരൻ സമ്മതിച്ചതാണെന്ന് പാലക്കാട് ജിയോളജിസ്റ്റ് റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. എന്നാൽ ടിയാൻ ഡിമാന്റ് നോട്ടീസിനെതിരെ സർക്കാരിൽ അപ്പീൽ ഹർജി സമർപ്പിക്കുകയാണ് ഉണ്ടായത്. എന്നാൽ ടി അപ്പീൽ ഹർജിയിൽ തനിക്ക് പറയാനുള്ള വാദങ്ങളൊന്നും വസ്തുനിഷ്ഠമായി ബോധിപ്പിക്കുന്നതിന് ഹർജിക്കാരന് സാധിച്ചിട്ടില്ല. 08/07/2020 ന് നൽകിയ ഡിമാന്റ് നോട്ടീസിനെതിരെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ തന്റെ വാദങ്ങൾ ബോധിപ്പിക്കുന്നതിന് വീണ്ടും സമയം ആവശ്യപ്പെടുന്നതിൽ കഴമ്പില്ലായെന്ന് കാണുന്നു. കൂടാതെ പരാതിക്കാസ്പദമായ സ്ഥലത്തെ അനധികൃത മണ്ണ് ഖനനം കപ്പൂർ വില്ലേജ് ഓഫീസറും, കപ്പൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ പരാമർശം (1) ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് പാലക്കാട് ജിയോളജിസ്റ്റിന് നിർദ്ദേശം നൽകിക്കൊണ്ട് ശ്രീ.സുന്ദരൻ പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ ഹർജി നിരസിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
ജോയിന്റ് സെക്രട്ടറി
& അപ്പീൽ അധികാരി

ശ്രീ.എ.കെ.സുന്ദരൻ, അയ്യപ്പൻകാട്ടിൽ, കുമാരനെല്ലൂർ, കപ്പൂർ.പി.ഒ, പാലക്കാട്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.

ഡയറക്ടർ, മൈനിംഗ് & ജിയോളജി, തിരുവനന്തപുരം.

ജില്ലാ ജിയോളജിസ്റ്റ്, പാലക്കാട്.

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
Date: 27-03-2024 16:29:06

സെക്ഷൻ ഓഫീസർ.